7. വിഷയനിർണ്ണയ സമിതി XIII-ന്റെ ആനുകാലിക റിപ്പോർട്ടും 2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പഞ്ചായത്തും സാമൂഹ്യനീതിയും വകപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ 1-4-2014 മുതൽ 31-3-2015 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

8. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. സി. പി. മുഹമ്മദ് : സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(9) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

IX. ബഡ്ജറ്റ് ഇൻ ബ്രീഫ് സംബന്ധിച്ച ശുദ്ധിപത്രം

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവകപ്പുമന്ത്രി, അങ്ങേക്ക് 2015-16 ബഡ്ജറ്റ് ഇൻ ബ്രീഫിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള ശുദ്ധിപത്രം സമർപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകപ്പുമന്ത്രി (ശ്രീ. കെ. എം.മാണി): സർ, 2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്-ഇൻ-ബ്രീഫ് ശുദ്ധിപത്രം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly